**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **15-10-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ സേവിംഗ്സ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലേയും പ്രത്യേക വികസന നിധിയിലേയും സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | പ്രത്യേക വികസന നിധിയിൽ സേവിംഗ്സ് തുക അനുവദനീയമല്ല. വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുകയുമായി ബന്ധപ്പെട്ട് 2017 സാമ്പത്തികവർഷം മുതലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സേവിംഗ്സ് തുക സംബന്ധിച്ച് യഥാസമയം എം.എൽ.എമാരെ അറിയിക്കുവാനും പ്രസ്തുത തുകയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (ബി) | ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ് സേവിംഗ്സ് തുക സംബന്ധിച്ച് ജില്ലാ കളക്ടർമാർ യഥാസമയം എം.എൽ.എമാരെ അറിയിക്കണമെന്ന നിർദ്ദേശം ബഹു. എംഎൽഎമാരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുകയുമായി ബന്ധപ്പെട്ട് 2017 സാമ്പത്തികവർഷം മുതലുളള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **ടെണ്ടർ സേവിംഗ്സ്** |
|---|---|
| 2017-2018 | 1,99,369 /- (ഒരു ലക്ഷത്തി തൊണ്ണൂറ്റൊൻപതിനായിരത്തി മുന്നൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം) |
| 2018-2019 | 49,316/- ( നാല്പത്തൊൻപതിനായിരത്തി മുന്നൂറ്റി പതിനാറ് രൂപ മാത്രം) |
| 2019-2020 | 57,44,971/- (അൻപത്തേഴ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി തൊളളായിരത്തി എഴുപത്തി ഒന്ന് രൂപ മാത്രം) |
| 2020-2021 | 49,57,888/- ( നാല്പത്തൊൻപത് ലക്ഷത്തി അൻപത്തി ഏഴായിരത്തി എണ്ണൂറ്റി എൺപത്തി എട്ട് രൂപ മാത്രം) |
| 2021-2022 | 2,84,681/- ( രണ്ട് ലക്ഷത്തി എൺപത്തി നാലായിരത്തി അറുന്നൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) |
| **ആകെ** | **1,12,36,225/- (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി മുപ്പത്താറായിരത്തി ഇരുന്നൂറ്റി ഇരുപത്തഞ്ച് രൂപ മാത്രം)** |

7/4/25